**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത** **29.06.2015 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 564**

## റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ പ്രവർത്തനങ്ങൾ

..............................

<u>ചോദ്യം</u>
ശ്രീ. രാജു എബ്രഹാം.

**<u>മറുപടി</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)**

| | |
|---|---|
| (എ) റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് ആയിരത്തിലധികം പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കുമായിരുന്ന വസ്ത്ര വ്യവസായം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നും പദ്ധതി സർക്കാർ ഉപേക്ഷിക്കുകയുണ്ടായോയെന്നും ഏങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ; | (എ) : റാന്നി ഉതിമൂട്ടിൽ ഒരു റൂറൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഭൂമി എറ്റെടുത്തിരുന്നത്. പ്രസ്തുത പദ്ധതി വയബിൾ അല്ലാത്തതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത്. റാന്നിയിലെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 17/07/2014-ൽ ഒരു യോഗം നടത്തുകയും കിൻഫ്ര മാനേജിങ് ഡയറക്ടർ ബഹു. സ്ഥലം എം.എൽ.എ -യുമായി കൂടി ആലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുവാനും അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിങ് ഡയറക്ടർ ബഹു. എം.എൽ.എ. -യുമായി കൂടി ആലോചിച്ച് ശുപാർശ നൽകുവാനും നിർദ്ദേശം നൽകിയിരുന്നു. |
| (ബി) പ്രസ്തുത സ്ഥലത്ത് മറ്റെന്തെങ്കിലും വ്യവസായം ചെയ്യാൻ കിൻഫ്ര | (ബി) : 17/07/14-ലെ യോഗ തീരുമാന പ്രകാരം പ്രസ്തുത സ്ഥലത്ത് |

ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ വസ്തു വിട്ടുകിട്ടിയിട്ടും വ്യവസായം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

സിഡ്കോയെക്കൊണ്ട് PPP മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്.

(സി) ഇവിടെ പുതിയ വ്യവസായം ആരംഭിക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനായി കിൻഫ്ര എം.ഡി മുൻകൈ എടുത്ത് സ്ഥലം എം.എൽ.എ -യുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) : മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ 17/07/14-ലെ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് PPP മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്.

(ഡി) ഇവിടെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

(ഡി) : പ്രസ്തുത യോഗ തീരുമാനപ്രകാരം റാന്നിയിൽ കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.